LIBRARY ARCHIVES Kerala Legislative Assembly

തോട്ടം തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി

128 [513] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ഏതെങ്കിലും തോട്ടങ്ങൾ (തേയില) സർക്കാർ ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് ഏതെങ്കിലും തൊഴിലാളി സംഘടന ബഹു. ഹൈക്കോടതിയിൽ റിട്ട് സമർപ്പിച്ചിട്ടുണ്ടോ; കേസ് വിധി ആയോ; എങ്കിൽ ഈ വിധിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന തേയില തോട്ടങ്ങൾ ഏറ്റെടുക്കാനും പ്ലാന്റേഷൻ കോർപ്പറേഷനെ ഏൽപ്പിക്കാനും നിയമപരമായ തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) തോട്ടം ഉടമകൾ തൊഴിലാളികൾക്ക് കാലാകാലങ്ങളിൽ നൽകേണ്ട ആനുകൂല്യങ്ങൾ നൽകാത്തതിനെതിരെ എന്തൊക്കെ നിയമ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. വിധിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.† പ്രസ്തുത വിധിയ്ക്കെതിരായി കേന്ദ്ര സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്നതും തൊഴിലുടമ ഉപേക്ഷിച്ചു പോകുന്നതുമായ തേയില തോട്ടങ്ങൾ സർക്കാർ ഏറ്റെടുക്കുവാൻ നിയമപരമായ തടസ്സമില്ല. എന്നാൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ശമ്പളയിനത്തിലും പി.എഫ്. ഇനത്തിലും ഗ്രാറ്റുവിറ്റി ഇനത്തിലും ഭീമമായ സംഖ്യ മിക്ക മാനേജ്മെന്റുകളും കുടിശ്ശിക വരുത്തിയിട്ടുണ്ട്. കൂടാതെ ബാങ്കുകൾക്കും ഭീമമായ തുക കൊടുത്തു തീർക്കുവാനുണ്ട്. ഈ കട ബാധ്യത തീർന്നെങ്കിൽ മാത്രമേ തോട്ടങ്ങൾ ഏറ്റെടുക്കുന്ന കാര്യം തന്നെ പരിഗണിക്കുവാൻ കഴിയൂ.

(സി) ഇ.പി.എഫ്. കുടിശ്ശികയ്ക്ക് തോട്ടം ഉടമകളുടെ പേരിൽ കേന്ദ്ര സർക്കാർ നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഗ്രാറ്റുവിറ്റി ലഭിക്കാത്ത തൊഴിലാളികൾ കൺട്രോളിംഗ് അതോറിറ്റി മുമ്പാകെ സമർപ്പിച്ച അപേക്ഷകളിൽ തീർപ്പാക്കിയ മുറയ്ക്ക് തുക നൽകാത്ത കേസുകളിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മംഗളവനം സംരക്ഷിക്കാൻ നടപടി

129 [572] പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മംഗളവനം സംരക്ഷിക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് പറയാമോ;

(ബി) കേരള ഹൈക്കോടതിക്ക് പാർക്കിംഗിന് സ്ഥലം അനുവദിക്കുമ്പോൾ മംഗളവനം സംരക്ഷിക്കുന്നതിനുള്ള നടപടികൂടി സ്വീകരിക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.